# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1823 25-03-2013 ന് മറുപടിയ്ക്ക്**

## വനഭൂമി കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

(എ) സംസ്ഥാന രൂപീകരണസമയത്ത് സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്രയായിരുന്നു;

(എ) 3485 ചതുരശ്ര മൈൽ 493 ഏക്കർ. (9028 ചതുരശ്ര കിലോമീറ്റർ)

(ബി) 2013 ജനുവരി 31 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര വന ഭൂമി ഉണ്ട് ;

(ബി) വന വിസ്തൃതി 11309 ചതുരശ്ര കിലോമീറ്റർ

(സി) ഏറ്റവും കൂടുതൽ വനഭൂമി കൈയേറ്റം നടത്തിയിട്ടുള്ളത് ഏത് ജില്ലയിലാണ് ; വനംകൈയേറ്റം സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ ;

(സി) ഇടുക്കി ജില്ലയിൽ. വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | വിസ്തൃതി (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 1.2529 |
| കൊല്ലം | 9.8934 |
| പത്തനംതിട്ട | 11.41 |
| എറണാകുളം | 127.847 |
| ഇടുക്കി | 1727.16 |
| തൃശ്ശൂർ | 262.1554 |
| പാലക്കാട് | 2.0193 |
| കോഴിക്കോട് | 127.691 |
| വയനാട് | 1322.829 |
| കണ്ണൂർ | 6.8744 |
| കാസർഗോഡ് | 10.669 |

(ഡി) 2006 ജൂലായ് മാസം മുതൽ 2011 മാർച്ച് മാസം വരെ എത്ര ഏക്കർ കൈയേറിയ വനഭൂമി ഒഴിപ്പിച്ചെടുത്തു ; ഏത് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ വനഭൂമി ഒഴിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) 144.302 ഹെക്ടർ വനഭൂമി. വയനാട് ജില്ല.

(ഇ) 2011 ജൂൺ മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ എത്ര വനം കൈയേറ്റങ്ങൾ ഒഴിപ്പിച്ചു ; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ ;

(ഇ) 813.034 ഹെക്ടർ.

വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | വിസ്തൃതി (ഹെക്ടർ) |
| --- | --- |
| തിരുവനന്തപുരം | 0.404 |
| കൊല്ലം | 0.0607 |
| ഇടുക്കി | 258.6563 |
| തൃശ്ശൂർ | 3.266 |
| പാലക്കാട് | 6.428 |
| വയനാട് | 535.285 |
| മലപ്പുറം | 0.255 |
| കണ്ണൂർ | 0.341 |
| കാസർഗോഡ് | 8.324 |

(എഫ്) സംസ്ഥാനത്ത് 2006 ജൂൺ മാസം മുതൽ 2011 മാർച്ച് മാസം വരെ വനം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് 2011 ജൂലായ് മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ വനസംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദീകരിക്കുമോ ?

(എഫ്) & (ജി) വനം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ ഒഴിപ്പിക്കുകയും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തര പട്രോളിംഗ് നടത്തിയും വനഭൂമി സംരക്ഷിച്ചുവരുന്നു. വനാതിർത്തികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥിരം ജണ്ടകളും, കയ്യാലകളും സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളുടെ സഹകരണത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

സെക്ഷൻ ഓഫീസർ